"ഭരണ ഭാഷ - മാതൃഭാഷ"

WEBSITE: www.keralapsc.gov.in

E-MAIL: kpsc.psc@kerala.gov.in
Telephone : 0471-2546250/224

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

File No. EST 1A5/50004/2018-KPSC
Old File No. Estt I(5) 41128/10/ശ.വി.

തിരുവനന്തപുരം,
തീയതി: 28.09.2022

## <u>ക്വട്ടേഷൻ നോട്ടീസ്</u>

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഷ്കരിച്ച ഔദ്യോഗിക മുദ്ര (Logo - ലോഗോ) താഴെപ്പറയുന്ന അളവിലും രീതിയിലും തയ്യാറാക്കി നൽകുന്നതിന് മുൻപരിചയമുള്ള സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**I. സൈസ്**

വ്യാസം : 30 ഇഞ്ച്

**II. നിർമ്മാണവസ്തുക്കൾ** യഥാനുസരണം. : ലോഹം വെങ്കലം (ബ്രാസ് )

**III എണ്ണം** : 02 (രണ്ട്)



OLD LOGO




NEW LOGO

മേൽ ചേർത്തിട്ടുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിഷ്കരിച്ച പുതിയ ഔദ്യോഗിക മുദ്ര (Logo - ലോഗോ) പഴയ മുദ്രയുടെ മാതൃകയിലാണ് തയ്യാറാക്കേണ്ടത് .

2. ക്വട്ടേഷൻ മേൽപ്പറഞ്ഞ പ്രകാരമുള്ളതും, ലോഗോയുടെ കളർ ഇമേജ് വിശദമായി ഉൾപ്പെടുത്തി സീൽ ചെയ്ത കവറിൽ **'പരിഷ്കരിച്ച മുദ്ര ചെയ്യുന്നതിനുള്ള ക്വട്ടേഷൻ'** എന്ന മേൽക്കുറിപ്പോടെ **സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം പി.ഒ, തിരുവനന്തപുരം-4** എന്ന വിലാസത്തിൽ **14/10/2022**-ആം തീയതി ഉച്ചക്ക് ശേഷം **2** മണിക്കു മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

3. നിലവിൽ ഉള്ള മുദ്ര ഓഫീസിൽ സ്ഥാപിച്ചിട്ടുള്ളത് നേരിൽ കാണുന്നതിന് ആസ്ഥാനത്തെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം സെക്ഷനിൽ പ്രവൃത്തിദിവസങ്ങളിൽ സമീപിക്കാവുന്നതാണ്.

4. മുദ്രയുടെ വ്യാസം , വീതി, കനം, നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ എന്നിവയുടെ ലഘുവിവരണവും ലോഗോ തയ്യാറാക്കി കൈമാറാൻ കഴിയുന്ന തീയതിയും

ക്വട്ടേഷനോടൊപ്പം കൂടി ചേർക്കേണ്ടതാണ്.

5. തിരുവനന്തപുരത്ത് മാറാവുന്ന വിധം **5000/-** രൂപയുടെ നിരതദ്രവ്യം "**സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ** ' എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി ക്വട്ടേഷനുകളോടോപ്പം സമർപ്പിക്കേണ്ടതാണ്. , ഡിമാന്റ് ഡ്രാഫ്റ്റുകൾ ഇല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

6. ക്വട്ടേഷനുകൾ അന്നേദിവസം **(14/10/2022)** വൈകിട്ട് **3** മണിക്ക്, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ക്വട്ടേഷൻ നൽകിയവരുടെയും, അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ആളുകൾ ഹാജരായാൽ അവരുടെയും, സാന്നിദ്ധ്യത്തിൽ തുറക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

7. ക്വട്ടേഷൻ അംഗീകരിച്ചു കഴിഞ്ഞാൽ മാതൃക പ്രകാരമുള്ള ലോഗോ നിർമ്മിച്ച് ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ഓഫീസിൽ സ്വന്തം ചെലവിൽ എത്തിക്കേണ്ടതാണ്. വിലയുടെ ഇൻവോയ്സ്/ബിൽ ഹാജരാക്കേണ്ടതാണ്. ബിൽ തുക സ്ഥാപനം ആവശ്യപ്പെടുന്ന ബാങ്ക് അക്കൗണ്ടിൽ ഫണ്ട് ട്രാൻസ്ഫറായി നൽകുന്നതായിരിക്കും.

8. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

**ലിമാന്റ്ലി സക്കറിയാസ്**
**അഡീഷണൽ സെക്രട്ടറി**
**ഇൻചാർജ് ഓഫ് സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**